# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ഫെബ്രുവരി 12

February 12

2020

1193 മകരം 29 ബുധൻ

# പത്രക്കുറിപ്പ് -1



www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**10-ാംക്ലാസ് തുല്യതാ പരീക്ഷ: ജില്ല ഒന്നാംസ്ഥാനത്ത്**
**ജില്ലയിൽ വിജയിച്ചവരിൽ നാല് ട്രാൻസ്ജെന്ററുകളും**

സംസ്ഥാന സാക്ഷരതാമിഷനും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്ന 10-ാംക്ലാസ് തുല്യതാപരീക്ഷയിൽ 93.73 ശതമാനം വിജയം നേടി പത്തനംതിട്ട ജില്ല സംസ്ഥാനത്ത് ഒന്നാമത് എത്തി. ജില്ലയിൽ 367 പേർ രജിസ്റ്റർ ചെയ്തതിൽ 344 പേർ വിജയിച്ചു. ജില്ലയിൽ പരീക്ഷ എഴുതിയ നാല് ട്രാൻസ്ജെന്റർ പഠിതാക്കളും വിജയിച്ചു. മലയാളം, ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, ഗണിതം എന്നിവയിൽ 60 മാർക്കിന്റെ എഴുത്ത് പരീക്ഷയും 20സി.ഇമാർക്കും ആണ്. ഹിന്ദിക്ക് 40 മാർക്കിന്റെ എഴുത്ത് പരീക്ഷയും 10 മാർക്ക് സി.ഇയും ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഇൻഫർമേഷൻ ടെക്നോളജി എന്നിവയ്ക്ക് 40 മാർക്കിന്റെ എഴുത്ത് പരീക്ഷയും 10 മാർക്കിന്റെ സി.ഇയും ഉൾപ്പെടുത്തിയാണ് പരീക്ഷാഫലം തയാറാക്കുന്നത്. 2019 നവംബറിൽ നടന്ന നാലാം ക്ലാസ് തുല്യതാ പരീക്ഷയിലും ഏഴാം ക്ലാസ് തുല്യതാ പരീക്ഷയിലും പത്തനംതിട്ട ജില്ല 100 ശതമാനം വിജയം നേടി സംസ്ഥാനത്ത് ഒന്നാം സ്ഥാനത്ത് എത്തിയിരുന്നതായി ജില്ലാ സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.വി.വി മാത്യു പറഞ്ഞു.

ഏറ്റവും കുറവ് വിജയ ശതമാനം ഇടുക്കി ജില്ലയ്ക്കാണ് (79.47ശതമാനം) 2019 ഡിസംബർ 21മുതൽ 31 വരെ നടന്ന പരീക്ഷയിൽ സംസ്ഥാനത്ത് ആകെ 17082 പേർ പങ്കെടുത്തതിൽ 15345 പേർ വിജയിച്ചു. വിജയശതമാനം 89.83 ആണ്. പൊതുപരീക്ഷയിൽ തോറ്റവർക്കായി സേ പരീക്ഷ നടത്തും. കൂടുതൽ വിവിരത്തിന് 0468-2220799 എന്ന നമ്പരിൽ ബന്ധപ്പെടുക.

(പിഎൻപി 701/2020)

## സദ്ഗമയ പദ്ധതി: വിദ്യാർഥികൾക്കായി ഏകദിന ശിൽപശാല സംഘടിപ്പിച്ചു

പത്തനംതിട്ട ഹോമിയോപ്പതി വകുപ്പിന്റെ സദ്ഗമയ പദ്ധതിയുടെ ആഭിമുഖ്യത്തിൽ കോയിപ്രം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾക്കായി ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം നിർവഹിച്ചു. ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഡി.ബിജുകുമാർ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ കൺവീനർ ഡോ.ജി. ഷീബ പദ്ധതി വിശദീകരണം നടത്തി. ഹെഡ്മിസ്ട്രസ് വത്സലകുമാരി, എം.ആർ ബിജു , കെ. ശ്രീലത എന്നിവർ സംസാരിച്ചു . തുടർന്നു നടന്ന ശിൽപശാലയിൽ പഠന സ്വഭാവ വൈകല്യങ്ങളെക്കുറിച്ച് ഡോ. ഷീബയും പരീക്ഷയെ അഭിമുഖീകരിക്കേ ത് എങ്ങനെ എന്ന വിഷയത്തിൽ സൈക്കോളജിസ്റ്റ് എൻ.കെ. നീതു മോളും ക്ലാസ് നയിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: സദ്ഗമയ:*** പത്തനംതിട്ട ഹോമിയോപ്പതി വകുപ്പിന്റെ സദ്ഗമയ പദ്ധതിയുടെ ആഭിമുഖ്യത്തിൽ കോയിപ്രം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ഏകദിന ശിൽപശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: സദ്ഗമയ1:*** പത്തനംതിട്ട ഹോമിയോപ്പതി വകുപ്പിന്റെ സദ്ഗമയ പദ്ധതിയുടെ ആഭിമുഖ്യത്തിൽ കോയിപ്രം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ഏകദിന ശിൽപശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

(പിഎൻപി 702/2020)

## സൂര്യതാപം: തൊഴിൽസമയം ക്രമീകരിച്ചു

വേനൽക്കാലം ആരംഭിച്ച സാഹചര്യത്തിൽ അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയരുന്നതിനാൽ വിവിധ സ്ഥലങ്ങളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്നതിന് സാധ്യതയുള്ളതിനാൽ തൊഴിലാളികളുടെ തൊഴിൽസമയം ഏപ്രിൽ 30 വരെ ക്രമീകരിച്ച് സംസ്ഥാന ലേബർ കമ്മീഷണർ ഉത്തരവിട്ടു. പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12 മുതൽ മൂന്നു വരെ വിശ്രമവേളയായിരിക്കും. രാവിലെ ഏഴ് മുതൽ വൈകുന്നേരം ഏഴ് വരെയുള്ള സമയത്തിനുള്ളിൽ എട്ടുമണിക്കൂറായി ജോലിസമയം നിജപ്പെടുത്തി. രാവിലെയും വൈകിട്ടും ഷിഫ്റ്റുകളിലെ ജോലിസമയം ഉച്ചയ്ക്ക് 12 ന് അവസാനിച്ച് വൈകിട്ട് മൂന്നിന് ആരംഭിക്കുന്ന രീതിയിൽ പുനക്രമീകരിച്ചിട്ടു ്. ഈ നിർദേശം ജില്ലയിലെ എല്ലാ തൊഴിലുടമകളും കർശനമായി പാലിക്കണമെന്ന് പത്തനംതിട്ട ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. ഫോൺ:0468 2222234.

(പിഎൻപി 703/2020)

## കിളിവയൽ കോളനിയിലെ 23 കുടുംബങ്ങൾക്ക് ആശ്വാസമായി കുടിവെള്ള പദ്ധതി

ഏറത്ത് ഗ്രാമപഞ്ചായത്തിലെ ആറാം വാർഡായ കിളിവയലിലെ കോളനി നിവാസികളുടെ വർഷങ്ങൾ നീ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമാകുന്നു.കിളിവയൽ കോളനിയിലെ 23 കുടുംബങ്ങൾക്ക് കുടിവെള്ള വിതരണ ടാപ്പ് വഴി ശുദ്ധജലം വീട്ടിലെത്തിക്കുന്ന പദ്ധതിയുടെ നിർമാണം പൂർത്തിയാകുന്നു. ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-2017 വർഷത്തെ എസ്.സി ഫ ിൽനിന്നും 8,47,000 രൂപ ചെലവഴിച്ചാണ് നിർമാണ പ്രവർത്തനങ്ങൾ നടന്നത്. വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം നടത്താനാണ് ഗ്രാമപഞ്ചായത്തിന്റെ തീരുമാനമെന്ന് ഏറത്ത് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജെ. ഷൈലേന്ദ്രനാഥ് പറഞ്ഞു. കിളിവയലിലെ

പഞ്ചായത്ത് കിണറിന്റെ ആഴം കൂട്ടി പദ്ധതിക്കായി ജല ലഭ്യത ഉറപ്പാക്കി. ഉയർന്ന പ്രദേശമായ ഇവിടെ 15 മീറ്റർ ഉയരത്തിൽ 10,000 ലിറ്ററിന്റെ ടാങ്ക് നിർമിച്ചു. ജലവിതരണത്തിനായി മൂന്ന് എച്ച്.പിയുടെ മോട്ടോർ സ്ഥാപിച്ചു. ടാങ്കിൽ നിന്നും കിളിവയൽ കോളനിയിലെ 23 വീടുകളിലേയ്ക്കും കുടിവെള്ള വിതരണ ടാപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞു. ടാപ്പുകളിൽ 24 മണിക്കൂറും ജലം ലഭ്യമാകുന്ന രീതിയിലാണ് നിർമാണം നടത്തിയിട്ടുള്ളത്. ജലവിതരണ ടെസ്റ്റ് റൺ വിജയകരമായി പൂർത്തിയാക്കിയിരുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: കിളിവയൽ:*** ഏറത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കിളിവയൽ കോളനിയിലെ 23 കുടുംബങ്ങൾക്ക് കുടിവെള്ള വിതരണത്തിനായി സജ്ജമാകുന്ന ജല വിതരണ പദ്ധതിയുടെ കിണറും ടാങ്കും

(പിഎൻപി 704/2020)

## പമ്പാ അണക്കെട്ട് തുറക്കും; ജാഗ്രത പുലർത്തണം

ശബരിമല കുംഭമാസ പൂജയോട് അനുബന്ധിച്ച് പമ്പാ ത്രിവേണി സ്നാന സരസിലും അനുബന്ധ കടവുകളിലും ജലക്ഷാമം രൂക്ഷമായതിനെ തുടർന്ന് പമ്പാ അണക്കെട്ട് തുറക്കുന്നതിന് കക്കാട് കെഎസ്ഇബി ഡാം സുരക്ഷാ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർക്ക് കർശന നിബന്ധനകളോടെ അനുമതി നൽകി ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവായി. ഈമാസം 12 മുതൽ 18 വരെ പ്രതിദിനം 25,000 ഘന അടി ജലം തുറന്നു വിടുന്നതിനാണ് അനുമതിയുള്ളത്. മാരാമൺ കൺവൻഷൻ തീർഥാടകരും പമ്പാ നദീ തീര വാസികളും ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 705/2020)

## ഭിന്നശേഷിയുള്ള കുട്ടികൾക്കായി ഓൺലൈൻ ബോധവത്ക്കരണ സെമിനാർ

നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് സ്പീച്ച് &ഹിയറിംഗ് (നിഷ്) ന്റെ സഹകരണത്തോടെ പത്തനംതിട്ട ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് വ്യക്തിത്വ വികസനത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ ഓൺലൈൻ ബോധവത്ക്കരണ സെമിനാർ ഈമാസം 15ന് രാവിലെ 10ന് ആറന്മുള ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ (മിനി സിവിൽ സ്റ്റേഷൻ മൂന്നാം നില) നടക്കും. സെമിനാറിൽ ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ 0468-2319998എന്ന നമ്പറിൽ ബന്ധപ്പെടുക.

(പിഎൻപി 706/2020)

## വനിതാ സ്വയം സംരംഭക വായ്പാമേള ഇന്ന് (13)

വനിതാ വികസന കോർപ്പറേഷൻ വനിതകൾക്കായി നടത്തുന്ന വനിതാ സ്വയം സംരംഭക ജില്ലാതല വായ്പാമേള ഇന്ന് (13) രാവിലെ 10 ന് പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ കെ.യു ജനീഷ് കുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്യും.വനിതാ വികസന കോർപ്പറേഷൻ ഡയറക്ടർ കമലാ സദാനന്ദൻ മുഖ്യ പ്രഭാഷണവും അപേക്ഷാ ഫോം വിതരണോദ്ഘാടനവും നിർവഹിക്കും.കേരളത്തിലെ പരമാവധി സ്ത്രീകളിൽ വിവിധ വായ്പാ പദ്ധതികളേക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സ്ഥാപനത്തിന്റെ സഹായം ജില്ലയിലുള്ള വനിതാ സംരംഭകർക്ക് എത്തിക്കുന്നതിന്റെയും ഭാഗമായാണ് വായ്പാമേള സംഘടിപ്പിക്കുന്നത്. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ അധ്യക്ഷത വഹിക്കും.

(പിഎൻപി 707/2020)

## അക്യൂപ്രഷർ ആൻഡ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ കോഴ്സ്

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളം എസ്.ആർ.സി കമ്മ്യൂണിറ്റി കോളജ് സംഘടിപ്പിക്കുന്ന അക്യൂപ്രഷർ ആൻഡ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ കോഴ്സിന് അപേക്ഷ ക്ഷണിച്ചു .ആറുമാസ സർട്ടിഫിക്കറ്റ് കോഴ്സിനും ഒരു വർഷ ഡിപ്ലോമ കോഴ്സിനുമാണ് അപേക്ഷ ക്ഷണിച്ചത്. അവസാന തീയതി മാർച്ച് 10. വിശദവിവരങ്ങൾക്ക് www.srccc.in എന്ന വെബ് സൈറ്റിലോ 0471 2325101, 9446323871 എന്ന നമ്പരിലോ ബന്ധപ്പെടാം.

(പിഎൻപി 708/2020)

## മൂലൂർ അവാർഡ് സമർപ്പണം 21ന്

മൂലൂരിന്റെ 151-ാം ജയന്തി ദിനമായ ഈ മാസം 21ന് വൈകിട്ട് മൂന്നിന് ഇലവുംതിട്ട സരസകവി മൂലൂർ സ്മാരകത്തിൽ ചേരുന്ന മൂലൂർ അവാർഡ് സമർപ്പണ സമ്മേളനം വീണാ ജോർജ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ട് 34-ാമത് മൂലൂർ അവാർഡും പ്രശസ്തിപത്രവും വിനോദ് വൈശാഖിക്കും നവാഗത കവികൾക്കായുള്ള ആറാമത് മൂലൂർ പുരസ്കാരവും പ്രശസ്തിപത്രവും സുഭാഷ് കുഞ്ഞുകൃഷ്ണനും സമ്മാനിക്കും. വിനോദ് വൈശാഖിയുടെ 'കൈതമേൽപച്ചയ്ക്ക് 25001 രൂപയും പ്രശസ്തിപത്രവും സുഭാഷ് കുഞ്ഞുകൃഷ്ണന്റെ 'വരാൻ പോകുന്ന ഇൻസ്റ്റലേഷൻസ് എന്ന കവിതയ്ക്ക് 10001 രൂപയും പ്രശസ്തി പത്രവുമാണ് പുരസ്കാരമായി ലഭിക്കുന്നത്. മൂലൂർ സ്മാരക സമിതി പ്രസിഡന്റ് പി.വി. മുരളീധരൻ അധ്യക്ഷത വഹിക്കും.

(പിഎൻപി 709/2020)




.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| ഫെബ്രുവരി 12<br>**February 12** | **2020** |

**1193 മകരം 29 ബുധൻ**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കൊറോണ: കാതോലിക്കറ്റ് കോളജിൽ ബോധവത്കരണം**

പത്തനംതിട്ട കാതോലിക്കറ്റ് കോളജ് വിദ്യാർഥികൾക്ക് കൊറോണ രോഗ പ്രതിരോധത്തിൽ പരിശീലനം നൽകി. ജില്ലാ മെഡിക്കൽ ഓഫീസ്, എൻ.എസ്.എസ്. യൂണിറ്റ്, കോളജിലെ സുവോളജി വിഭാഗം എന്നിവർ സംയുക്തമായാണ് പരിശീലനവും ബോധവത്കരണവും സംഘടിപ്പിച്ചത്. കോളജ് പ്രിൻസിപ്പൽ ഡോ. മാത്യു പി. ജോസഫ് പരിപാടി ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എം. എസ് രശ്മി ബോധവത്കരണ ക്ലാസ് നയിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. ആർ. രേഖ, ഡോ.ആർ. സുനിൽകുമാർ, ഡോ.സുനിൽ ജേക്കബ്, ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർ ടി.കെ. അശോക് കുമാർ എന്നിവർ സംസാരിച്ചു.

കൊറോണ രോഗപ്രതിരോധം വിഷയമാക്കി ഫ്ളാഷ് മോബ് വിദ്യാർഥികൾ നടത്തി. കേരള മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ തൂവാല വിതരണം ചെയ്യുകയും കഫ് ഹൈജീൻ പരിശീലിപ്പിക്കുകയും ചെയ്തു.

(പിഎൻപി 710/2020)

**വനിതാ ഉദ്യോഗസ്ഥർക്ക് നിർഭയമായി ജോലി ചെയ്യാൻ സൗകര്യമൊരുക്കും: വനിതാ കമ്മീഷൻ**

വനിതാ ഉദ്യോഗസ്ഥർക്ക് ഓഫീസുകളിൽ നിർഭയമായി ജോലി ചെയ്യാൻ സൗകര്യമൊരുക്കുമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഡോ. ഷാഹിദാ കമാൽ പറഞ്ഞു. പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അദാലത്തിൽ വനിതാ കമ്മീഷൻ അംഗം ഇ.എം. രാധയ്ക്കൊപ്പം പരാതികൾ പരിഗണിക്കുകയായിരുന്നു ഡോ.

ഷാഹിദാ കമാൽ. തിരുവല്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലെ വിജിലൻസ് വിഭാഗം കൈകാര്യം ചെയ്യുന്ന വനിതാ ഉദ്യോഗസ്ഥ ഡ്യൂട്ടി നിർവഹണത്തിന്റെ ഭാഗമായി ഒരു ഉദ്യോഗസ്ഥനെതിരെ റിപ്പോർട്ട് തയാറാക്കുകയും തുടർന്ന് ശിക്ഷാ നടപടികൾക്ക് വിധേയനാകുകയും ചെയ്തതിന്റെ പേരിൽ, സുഹൃത്തുക്കൾ മുഖേന ഉദ്യോഗസ്ഥയ്ക്കെതിരെ നിരന്തരം വിവരാവകാശം ചോദിക്കുകയും വ്യക്തിപരമായി അപമാനിക്കുകയും ചെയ്യുന്നതായുള്ള പരാതി കമ്മീഷൻ പരിഗണിച്ചു. പരാതിയുമായി ബന്ധപ്പെട്ട വിശദമായ അന്വേഷണ റിപ്പോർട്ട് വിദ്യാഭ്യാസ ഉപഡയറക്ടർ അടിയന്തിരമായി ഹാജരാക്കുന്നതിന് കമ്മീഷൻ ഉത്തരവിട്ടു. എതിർ കക്ഷിയായ ഉദ്യോഗസ്ഥനെയും പരാതിക്കാരിയായ ഉദ്യോഗസ്ഥയെയും അടുത്ത അദാലത്തിൽ ഹിയറിംഗ് നടത്തി ഉപഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ച് പരാതി ശരിയാണെന്ന് ബോധ്യപ്പെട്ടാൽ ശിക്ഷാ നടപടി സ്വീകരിക്കുമെന്നും ഡോ. ഷാഹിദാ കമാൽ പറഞ്ഞു. ചില വീട്ടമ്മമാർ മറ്റുള്ളവർക്ക് വായ്പ എടുക്കുന്നതിന് ജാമ്യം നിൽക്കുകയും ഇതിനു പ്രതിഫലമായി തുച്ഛമായ സഹായം വാങ്ങി പ്രമാണം വരെ ഈട് നൽകി കബളിപ്പിക്കപ്പെടുന്നതായും കിടപ്പാടം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ പരാതിയുമായി കമ്മീഷനെ സമീപിക്കുന്നത് പതിവാണെന്നും ഡോ. ഷാഹിദാ കമാൽ പറഞ്ഞു. കോന്നി സ്വദേശിനിയായ വിധവ ആകെയു ായിരുന്ന നാലു സെന്റ് വസ്തുവിന്റെ പ്രമാണം ഗ്രാമീൺ ബാങ്കിൽ പണയപ്പെടുത്തുന്നതിന് ഒരു പരിചയക്കാരന് നൽകുകയും തുടർന്ന് റവന്യൂ റിക്കവറിയുടെ അറിയിപ്പ് ലഭിച്ചപ്പോൾ പരാതിയുമായി കമ്മീഷനെ സമീപിക്കുകയുമു ായി. ഈ പരാതിയിന്മേൽ അദാലത്തിൽ ഹാജരാകാതിരുന്ന എതിർ കക്ഷിയെ കമ്മീഷൻ നേരിട്ട് വിളിച്ച് അടുത്ത അദാലത്തിൽ ഹാജരാകുന്നതിന് കർശന നിർദേശം നൽകി. ഇത്തരം പരാതികളുമായി എത്തുന്ന സ്ത്രീകൾ പ്രമാണം ഉപയോഗിച്ച് വായ്പ എടുക്കുന്നതിന് രേഖാ മൂലമുള്ള എല്ലാ നടപടികളും ചെയ്ത ശേഷമാണ് പരാതിയുമായി നിയമസംവിധാനത്തെ സമീപിക്കുന്നതെന്നും ഇത്തരം കാര്യങ്ങളിൽ സ്ത്രീകൾക്ക് ബോധവൽക്കരണത്തിന്റെ ആവശ്യമുെ ന്നും ഡോ. ഷാഹിദാ കമാൽ പറഞ്ഞു.

രഹസ്യ മൊബൈൽ ഉപയോഗിക്കുന്നുെ ന്ന് ആരോപിച്ച് മദ്യപാനിയായ നൂറനാട് സ്വദേശിയായ ഭർത്താവിന്റെ നിരന്തര വഴക്കുമൂലം വീട്ടിൽ നിന്നും അകന്നു കഴിയുന്ന തട്ട സ്വദേശിനിയായ യുവതിയും അദാലത്തിൽ എത്തിയിരുന്നു. വീട്ടുകാർ അറിയാതെ വിവാഹിതയായ ഈ യുവതി ഭർത്താവിനും ര ് പെൺമക്കൾക്കുമൊപ്പം കഴിയുകയായിരുന്നു. പെൺകുട്ടികളുടെ ഭാവിയെ കരുതി ഇരുവരെയും കൗൺസിലിംഗ് നടത്തി മദ്യപാനിയായ ഭർത്താവിനെ ഡി- അഡിക്ഷന് വിധേയനാക്കി പ്രശ്നം പരിഹരിക്കാൻ കമ്മീഷൻ അംഗം ഇ.എം രാധ നിർദേശിച്ചു. കുടുംബാംഗങ്ങൾക്കിടയിലെ വിട്ടുവീഴ്ചയില്ലാത്ത മനോഭാവമാണ് പല കുടുംബങ്ങളുടെയും തകർച്ചയ്ക്ക് കാരണമാകുന്നതെന്നും ഇ.എം. രാധ പറഞ്ഞു.

ആകെ 39 പരാതികളാണ് പരിഗണനയ്ക്കെത്തിയത്. ഇതിൽ 11 പരാതികൾ തീർപ്പാക്കി. മൂന്നു പരാതികൾ റിപ്പോർട്ടിനയച്ചു. അടുത്ത അദാലത്തിൽ 25 പരാതികൾ വീ ും പരിഗണിക്കും. വനിതാ കമ്മീഷൻ ഇൻസ്പെക്ടർ എം.സുരേഷ് കുമാർ, വനിതാ എസ്.ഐ. സാലി ജോൺ, ലീഗൽ പാനൽ ഉദ്യോഗസ്ഥരായ അഡ്വ. സിനി, അഡ്വ. സബീന, കൗൺസിലർ ഒബിനി തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:***വനിതാ കമ്മീഷൻ:പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന അദാലത്തിൽ വനിതാ കമ്മീഷൻ അംഗങ്ങളായ ഡോ.ഷാഹിദാ കമാൽ, ഇ.എം. രാധ എന്നിവർ പരാതികൾ പരിഗണിക്കുന്നു.

(പിഎൻപി 711/2020)

## മൂലൂർ ജയന്തിയും സ്മാരക വാർഷികവും 19 മുതൽ

സരസകവി മൂലൂർ എസ് പത്മനാഭ പണിക്കരുടെ 151-ാമത് ജയന്തിയും സ്മാരകത്തിന്റെ 31-ാംമത് വാർഷികവും ഫെബ്രുവരി 19 മുതൽ 21 വരെ ഇലവുംതിട്ട സരസകവി മൂലൂർ സ്മാരകത്തിൽ നടക്കും. 19ന് ഉച്ചകഴിഞ്ഞ് 3.30ന് ആഘോഷ പരിപാടി വനം വകുപ്പ് മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്യും. വീണാ ജോർജ് എംഎൽഎ അധ്യക്ഷത വഹിക്കും.

20ന് ഉച്ചകഴിഞ്ഞ് 3.30ന് നടക്കുന്ന കേരള നവോത്ഥാന സ്മൃതി പ്രൊഫ.എ.ജി. ഒലീന ഉദ്ഘാടനം ചെയ്യും. ബുക്ക്മാർക്ക് കേരള സെക്രട്ടറി എ.ഗോകുലേന്ദ്രൻ അധ്യക്ഷത വഹിക്കും. 21ന് രാവിലെ 10ന് നടക്കുന്ന കവി സമ്മേളനം ഏഴാച്ചേരി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. റവ ഡോ. മാത്യൂസ് വാഴക്കുന്നം അധ്യക്ഷത വഹിക്കും.

(പിഎൻപി 712/2020)

## ബദൽ ഉൽപ്പന്നങ്ങളുമായി മാരാമണ്ണിൽ ഹരിത കേരളം മിഷൻ സ്റ്റാൾ

ഏഷ്യയിലെ ഏറ്റവും വലിയ ക്രിസ്തുമത കൺവെൻഷനായ മാരാമൺ കൺവൻഷനിൽ പ്ലാസ്റ്റിക് ബദൽ ഉൽപ്പന്ന പ്രദർശനവും വിപണനവും ഒരുക്കി ഹരിതകേരളം മിഷന്റെ പ്രകൃതി സൗഹൃദ ഉത്പന്ന സ്റ്റാൾ. ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആർ.രാജേഷ് പ്രകൃതി സൗഹൃദ സ്റ്റാളിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഇക്കോ നാടുമായി സഹകരിച്ച് പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾക്ക് ബദലായി വിവിധ തരത്തിലുള്ള തുണി സഞ്ചികൾ, പാള, ഇല, ചിരട്ട എന്നിവയിൽ തീർത്ത വിവിധ ഉൽപ്പന്നങ്ങൾ സ്റ്റാളിൽ പ്രദർശനത്തിനും വിപണനത്തിനും തയ്യാറാക്കിയിട്ടു ്. പ്ലാസ്റ്റിക്ക് ബദൽ ഉൽപ്പന്നങ്ങളെ കുറിച്ച് അറിയുവാനും മനസിലാക്കുവാനും അവ ഉപയോഗിക്കുവാനുമുള്ള ആളുകളുടെ താൽപ്പര്യം ഏറെ ശ്രദ്ധ നേടി. ക്ലീൻ കേരളാ കമ്പനി മാനേജർ എം.ബി ദിലീപ് കുമാർ, ഹരിത കേരളം ആർ.പിമാരായ ഷിജു എം.സാംസൺ, മായ മോഹൻ, ഇക്കോനാട് ഡയറക്ടർമാരായ ഷാൻ രമേശ് ഗോപൻ, പ്രിൻസ് ഫിലിപ്പ് തുടങ്ങിയവരാണ് സ്റ്റാളിന് നേതൃത്വം നൽകുന്നത്. മാരാമൺ കൺവെൻഷൻ ഹരിതചട്ടം പാലിച്ച് നടത്തുന്നതിനും മിഷന്റെ ഇടപെടൽ ശ്രദ്ധേയമായി.

***ഫോട്ടോ അടിക്കുറിപ്പ്: ഹരിതം:*** മാരാമൺ കൺവെൻഷനിൽ പ്ലാസ്റ്റിക് ബദൽ ഉൽപ്പന്ന പ്രദർശനവും വിപണനവും ഒരുക്കി ഹരിതകേരളം മിഷന്റെ പ്രകൃതി സൗഹൃദ ഉത്പന്ന സ്റ്റാൾ.

(പിഎൻപി 713/2020)

## മൃഗക്ഷേമ ബോധവത്ക്കരണ സെമിനാർ നടത്തി

ജില്ലാ വെറ്ററനറി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ അടൂർ നിയോജകമണ്ഡലം മൃഗക്ഷേമ ബോധവത്ക്കരണ സെമിനാർ പെരിങ്ങനാട് തൃച്ചേന്ദമംഗലം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ചിറ്റയം ഗോപകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി. പ്രസന്നകുമാരി അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം ആഷാ ഷാജി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് അംഗം ഷെല്ലി ബേബി, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ജി.അംബികാദേവി, ഹെഡ്മിസ്ട്രസ് പി.എസ് സുജാകുമാരി, ചീഫ് വെറ്ററിനറി ഓഫീസർ ഡോ.തോമസ് എബ്രഹാം, കമ്മ്യൂണിറ്റി പോലീസ് ഓഫീസർ സിന്ധു മാധവൻ, പി.ടി.എ പ്രസിഡന്റ് ജി. കൃഷ്ണകുമാർ എന്നിവർ പ്രസംഗിച്ചു. തെരുവുനായ പ്രജനന നിയന്ത്രണത്തെപ്പറ്റി ഡോ.റെനി കെ. ഉമ്മനും മൃഗസംരക്ഷണ നിയമങ്ങളെപ്പറ്റി ഡോ.എം.ജി ജാൻകിദാസും ക്ലാസുകൾ എടുത്തു. സ്കൂൾ കുട്ടികൾക്കായി ക്വിസ് മത്സരവും സെമിനാറിന്റെ ഭാഗമായി നടത്തി. ജനപ്രതിനിധികൾ,

സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് അംഗങ്ങൾ, കർഷകർ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു.

(പിഎൻപി 714/2020)

**വാഹന ലേലം**

എക്സൈസ് ഡിവിഷനിലെ വിവിധ അബ്കാരി കേസുകളിൽ ഉൾപ്പെട്ട് സർക്കാരിലേക്ക് ക ു കെട്ടിയ വാഹനങ്ങൾ, ഉപയോഗശൂന്യമായ ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ ഈമാസം 28ന് രാവിലെ 11ന് പത്തനംതിട്ട എക്സൈസ് ഡിവിഷൻ ഓഫീസിൽ പരസ്യമായി ലേലം ചെയ്യുമെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചു.

ലേല നിബന്ധനകളും, വ്യവസ്ഥകളും പത്തനംതിട്ട എക്സൈസ് ഡിവിഷൻ ഓഫീസിൽ നിന്നും ജില്ലയിലെ മറ്റെല്ലാ എക്സൈസ് ഓഫീസുകളിൽ നിന്നും അറിയാം. ലേലത്തിൽ ഉൾപ്പെട്ട വാഹനങ്ങൾ അവ സൂക്ഷിച്ചിട്ടുള്ള ഓഫീസ് മേലധികാരിയുടെ അനുവാദത്തോടു കൂടി പരിശോധിക്കാം. ഫോൺ: 0468 2222873

(പിഎൻപി 715/2020)

**അപേക്ഷ ക്ഷണിച്ചു**

പത്തനംതിട്ട ജില്ലയിലെ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് വസ്തു, ഉദ്യോഗസ്ഥ ജാമ്യവ്യവസ്ഥയിൽ സ്വയംതൊഴിൽ, വാഹന വായ്പകൾക്ക് അപേക്ഷ ക്ഷണിച്ചു. കുടുംബ വാർഷിക വരുമാനം 3,50,000 രൂപയിൽ കവിയരുത്. 18നും 55നും മധ്യേ പ്രായമായവർക്ക് അപേക്ഷിക്കാം. അപേക്ഷാഫോമും കൂടുതൽ വിവരങ്ങൾക്കും എം.സി റോഡിൽ പന്തളം പോസ്റ്റ് ഓഫീസിന് സമീപമുള്ള അഞ്ജലി ബിൽഡിങ്ങിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപറേഷന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ:04734 253381

(പിഎൻപി 716/2020)




.